പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *114 — 2.03.2017-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് റോഡുകളുടെ ഈടുനില്പ് ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ്: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകൾ വെട്ടിപ്പൊളിച്ചുകൊണ്ടുള്ള കേബിൾ സ്ഥാപിക്കൽ, ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളുടെ നിർവ്വഹണം തുടങ്ങിയ പ്രവൃത്തികൾ മൂലം റോഡിന്റെ ഈടിന് കോട്ടം സംഭവിക്കുന്നുവെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്തെ റോഡുകളിൽ കേബിൾ സ്ഥാപിക്കൽ, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കൽ, അവയുടെ അറ്റകുറ്റപ്പണികളുടെ നിർവ്വഹണം എന്നിവയ്ക്കായി റീസ്റ്റോറേഷൻ ചാർജ് അടയ്ക്കേണ്ടതുണ്ട്. കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഏകോപനസമിതിയുടെ അനുമതി ലഭ്യമായാൽ മാത്രമാണ് പൈപ്പ് ലൈൻ ഇടുന്നതിനുള്ള അനുവാദം ഈ വകുപ്പിൽ നിന്നും നൽകുന്നത്. പൈപ്പ് ലൈൻ ഇടുന്നതനുസരിച്ച് റീസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ ജലവിഭവം, ബി.എസ്.എൻ.എൽ എന്നീ വകുപ്പുകൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ടി റോഡിന്റെ കേടുപാടുകൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായി യോഗം ചേർന്ന ശേഷം ഇത് സംബന്ധിച്ച് പാലിക്കേണ്ട വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് 21.11.2016-ലെ ജി.ഒ.(ആർ.റ്റി) 1602/2016/പൊ.മ.വ. പ്രകാരം മാർഗ്ഗനിർദ്ദേശം |

പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി)63/2016/പൊ.മ.വ. തീയതി 3.09.2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടയാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശവും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയർമാർക്കും നല്കിയിട്ടുണ്ട്.

**(ബി)** ഇപ്രകാരം പൊതുമരാമത്തു റോഡുകൾക്കുണ്ടാകുന്ന കോട്ടം മൂലം പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടം ഖജനാവിനുണ്ടാകുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**(ബി)** ഒരു വർഷം ഏകദേശം 5000 ത്തിൽ പരം സ്ഥലങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുന്നുണ്ട്. റോഡ് വെട്ടി പൊളിച്ച വകുപ്പ് ഒരു തുക പുനർ നിർമ്മാണത്തിന് കെട്ടി വെയ്ക്കണം. എന്നാൽ റോഡ് പിന്നീട് പഴയ പടി ആകുന്നതായി കാണുന്നില്ല. വലിയ ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. 3000 കോടിയിലധികം രൂപയുടെ നഷ്ടം ഖജനാവിന് ഉണ്ടാകുന്നുണ്ട്. കോൺട്രാക്ടർമാരുടെ തൊഴിലാളികൾ ലക്കും ലഗാനമില്ലാതെ പലപ്പോഴും വെട്ടിപ്പൊളിക്കാറുണ്ട്. ഈ സർക്കാർ വന്നശേഷം ഇക്കാര്യത്തിൽ സജീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഒരു അവധി ദിവസം അർദ്ധരാത്രിയിൽ മരാമത്തു വകുപ്പിന്റെ സാന്നിദ്ധ്യമില്ലാതെ കണ്ണൂർ സെൻട്രൽ ജയിലിനു മുന്നിൽ ദേശീയപാതയിൽ റിലയൻസിന്റെ കോൺട്രാക്ടർമാർ തൊഴിലാളികളെക്കൊണ്ട് റോഡ് പൊളിക്കുമ്പോൾ നാട്ടുകാർ പിടികൂടി വകുപ്പ് മന്ത്രിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെന്റ് ചെയ്തിരുന്നു.

| | |
|---|---|
| | ബാഹുല്യമായ അച്ചടക്ക നടപടി നിയമനസ് എടുക്കാത്തതിനാൽ കണ്ണൂർ - പയ്യന്നൂർ പാതയിൽ തുടർ പൊളികൾ നടന്നിരിക്കുകയാണ്. മരാമത്ത് വകുപ്പ് നേരിടുന്ന ഭീമമായ പ്രശ്നമാണ് ഈ വെട്ടിപ്പൊളികൾ. നിയമസഭാസമിതി ശ്രദ്ധിച്ച് റോഡിന്റെ ഇരുവശത്തുമുള്ള മണ്ണ് പ്രദേശത്തുകൂടി പൈപ്പുകളും കേബിളുകളും ഇടുന്നതിനാണ് നിർദ്ദേശം. റോഡിന് കുറുകെ തുടർന്നും വെട്ടിപ്പൊളിക്കാതെ അടിയിൽ കൂടി ഡ്രില്ല് ചെയ്ത് പൈപ്പുകളും, കേബിളുകളും ഇടാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ധാരാളം അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ഇത് പരിശോധിച്ച് ന്യായമായ നിലയിൽ പൈപ്പുകളും, കേബിളുകളും ഇടുന്നതിന് സജീവ ശ്രദ്ധയാണ് നല്കിവരുന്നത്. |
| **(സി)** റോഡുകളുടെ ഈടുനിൽപ്പിന് കോട്ടം ഉണ്ടാക്കാവുന്ന മേൽ സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ഭൂഗർഭ കേബിളുകളും പൈപ്പ്ലൈനുകളും ഇരുവശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തി റോഡുനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | **(സി)** റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെയും, ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് Duct കൾ സ്ഥാപിക്കുന്നതിനും, നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ദേശീയപാതകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കൽ നടന്നു വരികയാണ്. ഈ രീതിയിൽ വികസിപ്പിക്കുമ്പോൾ കേബിളുകളും, മറ്റ് യൂട്ടിലിറ്റി സർവ്വീസുകളും സ്ഥാപിക്കുന്നതിന് ആവശ്യമായ Duct കൾ ആവശ്യാനുസരണം ഉൾപ്പെടുത്താറുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ OFC കേബിൾ ഇടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി.<br>1) അനുവാദം ആവശ്യപ്പെട്ടിട്ടുള്ള ഏജൻസികൾ തങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള റോഡുകളിൽ |

പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കമ്പനിയുടെ എഞ്ചിനീയറും സംയുക്തമായി പരിശോധന നടത്തേണ്ടതാണ്.

2) കേബിളിനായി കുഴിയെടുക്കുമ്പോൾ ടാർ കട്ടിംഗ് ഒഴിവാക്കേണ്ടതാണ്.

3) കേബിളിടുന്നത് ടാർ റോഡിൽ നിന്ന് പരമാവധി അകലെയായി റോഡിന്റെ അതിർത്തിയോട് ചേർന്നായിരിക്കണം.

4) സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷന് ആവശ്യമായ തുക നിലവിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ ഏജൻസികൾ ഡിപ്പാർട്ട്മെന്റിൽ അടക്കേണ്ടതാണ്.

5)ഹൈവേ അതോറിറ്റിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറും കമ്പനിയുമായി റോഡ് കുഴിക്കുന്നത് സംബന്ധിക്കുന്ന നിബന്ധനകളും വർക്ക് പ്രോഗ്രാമും ഉൾപ്പെടുത്തിയ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

6) പൊതുജനത്തിന് അസൗകര്യവും അപകടങ്ങളും ഒഴിവാക്കുന്നതിന് വേണ്ട മുൻകരുതലുകൾ എടുക്കേണ്ടതാണ്.

7) ഏജൻസിയുടെ എഞ്ചിനീയറും, വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസീയറും പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.

8) അനധികൃതമായി റോഡ് കുഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നല്കിയിട്ടുള്ള അനുമതി റദ്ദ് ചെയ്യുന്നതാണ്.

9) പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും പൂർത്തീകരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കേണ്ടതാണ്.

10) പൊതുമരാമത്ത് റോഡുകളിൽ കേബിൾ ഇടുന്നതിന് വാടക ഈടാക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

11) വിവിധ ഏജൻസികൾ കേബിൾ ഇടുമ്പോൾ പല തവണ കുഴിക്കുന്നത് ഒഴിവാക്കുന്നതിനായി കോമൺ ട്രഞ്ചിംഗ് നടത്തേണ്ടതാണ്.

12) മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടാതിരുന്നാൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവാദിയായിരിക്കുന്നതാണ്.

13) ഓരോ ജില്ലയിലേയും കേബിളിടുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പൂർത്തീകരണത്തിനും ചുമതലയുള്ള ഒരു എഞ്ചിനീയറെ ഓരോ ഏജൻസിയും നിയമിക്കേണ്ടതാണ്.

14) പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചായിരിക്കണം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

15) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഉത്തരവുകൾ പാലിക്കേണ്ടതാണ്.

**(ഡി)** നിലവിൽ പൊതുനിരത്തുകൾക്കടിയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകളുടേയും പൈപ്പ് ലൈനുകളുടേയും കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**(ഡി)** നിലവിൽ പൊതുനിരത്തുകൾക്കടിയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകളും പൈപ്പ് ലൈനുകളും മാറ്റുന്നതിന് വലിയ രീതിയിലുള്ള സാമ്പത്തിക ബാദ്ധ്യതയും, ഗതാഗത അസൗകര്യവും ഉണ്ടാകുന്നതാണ്. പല പ്രദേശങ്ങളിലും ആവശ്യമായ സ്ഥലങ്ങൾ ലഭ്യമല്ല. നിലവിലുള്ള റോഡുകളുടെ വികസനവും, പുനരുദ്ധാരണ പ്രവർത്തനങ്ങളും പരിഗണിക്കുമ്പോൾ നിരത്തുകൾക്കിടയിൽ സ്ഥാപിച്ചിട്ടുള്ള Utility Service-കൾ മാറ്റി സ്ഥാപിക്കുന്നതിനായി Cable Duct-കൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടികൾ

സ്വീകരിച്ചുവരുന്നു. ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പരിശോധിച്ചു വരുന്നു. ഇതു കൂടാതെ, പുതിയതായി റോഡുകൾ നിർമ്മാണം നടത്തുമ്പോൾ Cable Duct-കൾ കൂടി ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ